**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1629** **05-07-2022 - ൽ മറുപടിയ്ക്ക്**

**തരിശു നിലങ്ങൾ കൃഷി യോഗ്യമാക്കുവാൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | തരിശു നിലങ്ങൾ കൃഷി യോഗ്യമാക്കുവാൻ എന്തെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. തരിശ് നിലങ്ങൾ കൃഷിയോഗ്യമാക്കി നെൽകൃഷി നടപ്പാക്കുന്നതിന് കൃഷി വകുപ്പിന്റെ സംസ്ഥാനാവിഷ്കൃത പദ്ധതിയായ ***നെൽകൃഷി വികസന പദ്ധതി*** യുടെ ഭാഗമായി 2022-23 വർഷം ***തരിശുനില കൃഷി*** എന്ന ഘടകം ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി പ്രകാരം 1415 ഹെക്ടർ തരിശ് നിലത്ത് നെൽകൃഷി വ്യാപിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ആയതിലേക്ക് ആകെ 566 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരം സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് അറിയിക്കാമോ? | (ബി) | 2022-23 വർഷം ***നെൽകൃഷി വികസന പദ്ധതി***യുടെ ഘടകമായ ***തരിശുനില കൃഷി*** യിൽ ഉൾപ്പെടുത്തി തരിശുനിലങ്ങളിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു ഹെക്ടറിന് 35,000/- രൂപ കർഷകനും 5,000/- രൂപ ഭൂവുടമയ്ക്കും ചേർത്ത് ആകെ 40,000/- രൂപ എന്ന നിരക്കിൽ ആനുകൂല്യം നൽകുന്നു. ഇതു കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തിയും ഇതേ നിരക്കിൽ തരിശ് നെൽകൃഷിക്ക് ആനുകൂല്യം നൽകുന്നുണ്ട്. ഒരു ഹെക്ടറിന് 1000/- രൂപ എന്ന നിരക്കിൽ ഉത്പാദന ബോണസും തരിശ് നിലം കൃഷി ചെയ്യുന്ന കർഷകർക്ക് ലഭിക്കുന്നതാണ്. ഇതിനു പുറമെ നെൽകൃഷിക്ക് വൈദ്യുതി സൗജന്യവും അനുവദനീയമാണ്. |

സെക്ഷൻ ഓഫീസർ